LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് മാനേജ്മെന്റ് ഉപദേശ സമിതികൾ

145(149) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ വകുപ്പനുസരിച്ചുള്ള സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സമിതികൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ബി) നിലവിൽ വന്നിട്ടില്ല. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ 41-ാം വകുപ്പ് പ്രകാരവും 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെ 38-ാം ചട്ട പ്രകാരവും സംസ്ഥാന തലത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാ തലത്തിൽ ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ കരട് വിജ്ഞാപനം പരിശോധിച്ചുവരികയാണ്.

നിരോധിത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം

146 (150) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന സമുദ്രഭാഗത്ത് വൻബോട്ടുകളിൽ റിങ് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരോധിത മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം പരമ്പരാഗത മത്സ്യ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നതും സംഘർഷത്തിനിടയാക്കുന്നതുമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; വിശദീകരിക്കുമോ ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രസ്തുത മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കാൻ എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?